**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2623** **17-03-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഭൗമസൂചിക മുദ്ര ലഭിച്ച പൈതൃക സമ്പത്ത് എന്ന നിലയിൽ ആലപ്പുഴ കയർ രാജ്യാന്തര വിപണിയിൽ ബ്രാൻഡ് ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ട്രേഡ് മാർക്ക്സ് ആക്ട്, 1999 പ്രകാരം, സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് 'കേരള കയർ' എന്ന ലോഗോ ബ്രാൻഡ് കയർ ത്രെഡ്, കയർ യാൺ, കയർ ജിയോ ടെക്സ്റ്റൈൽസ്, കാർപ്പെറ്റ്സ്, കാർപ്പെറ്റ്സ് ഫോർ ഓട്ടോമൊബൈൽസ്, മാറ്റ്സ് & മാറ്റിംഗ്സ്, ബാത്ത് റൂം മാറ്റ്സ്, ഡോർ മാറ്റ്സ്, ഫ്ലോർ മാറ്റ്സ്, ബാത്ത് റൂം റഗ്ഗ്സ്, ഡോർ റഗ്ഗ്സ്, ഫ്ലോർ റഗ്ഗ്സ്, റോപ്സ്, നെറ്റ്സ്, കോർഡ്സ് & ട്വയിൻസ്, ടെക്സ്റ്റൈൽ മെറ്റീരിയൽസ് എന്നീ കയർ ഉൽപ്പന്നങ്ങൾക്ക് വേണ്ടി നേടിയെടുത്തിട്ടുണ്ട്. പത്ത് വർഷമാണ് ഇതിന്റെ കാലാവധി (2017 മുതൽ 2027 വരെ). ഇത് ഉപയോഗിച്ച് കേരളത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം സ്റ്റാൻഡർഡൈസ് ചെയ്യാനും കൂടാതെ കേരളത്തിൽ നിന്നുള്ള കയർ/ കയറുൽപ്പന്നങ്ങൾ രാജ്യാന്തര വിപണിയിൽ ബ്രാൻഡിംഗ് ചെയ്യാനും വിപണനം ചെയ്യാനും സാധിക്കും. |
| (ബി) | കയർ മേഖലയിലെ ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കയർ മേഖലയിൽ കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. കേരളത്തിലെ കയർ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകർ, കയറ്റുമതി സ്ഥാപനങ്ങൾ, കയർ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവർക്ക് വേണ്ടി കയറിന്റെ സമസ്ത മേഖലകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള നൂതനവും, സാങ്കേതികവും മാനേജ്മെന്റ് തലത്തിലുമുള്ള പരിശീലനം, സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. കൂടാതെ കയർ സഹകരണ സംഘങ്ങളിലെ സ്ത്രീ തൊഴിലാളികൾക്കായി ആധുനിക ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉപയോഗിച്ച് കയർപിരി പരിശീലനവും, തടുക്കുകൾ നിർമ്മിക്കുവാനുള്ള പരിശീലനവും നൽകിവരുന്നു. കയർ മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, മേഖലയിൽ കൂടുതൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിനും വേണ്ടി ഇതിനോടകം തന്നെ ഇൻ-ഹൗസ് പ്രോജക്ടിലൂടെയും, മറ്റു ഇൻസ്റ്റിറ്റ്യൂട്ടുകളുമായി സഹകരിച്ചുകൊണ്ടും പുതിയ ഗവേഷണ പദ്ധതികളിലൂടെ നൂതനമായ ഉല്പ്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഗവേഷണങ്ങളുടെ ഭാഗമായി നിരവധി നൂതനമായ ഉല്പ്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വാസ്റ്റിക് പാനലുകൾ, ബൈൻഡർലസ്സ് ബോർഡ് എന്നിവ ഗവേഷണത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുകയും, ഇവ വ്യാപാരാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയറിന്റെയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ 'കയർ കേരള' നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. 2021 'വെർച്വൽ കയർ കേരള'യിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുക വഴിയും ആഭ്യന്തര-വിദേശ വിപണികൾ വിപുലീകരിക്കുന്നതിന് കഴിയുന്നുണ്ട്. |
| (സി) | പ്രസ്തുത മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭങ്ങൾ , കയറ്റുമതി സ്ഥാപനങ്ങൾ എന്നിവയ്ക്കും , തൊഴിലാളികൾക്കും നൂതനമായ പരിശീലനവും മേഖലയിൽ ഗവേഷണവും സംഘടിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; വിശദമാക്കുമോ? | (സി) | കേരളത്തിലെ കയർ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകർ, കയറ്റുമതി സ്ഥാപനങ്ങൾ, കയർ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവർക്ക് വേണ്ടി കയറിന്റെ സമസ്ത മേഖലകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള നൂതനവും, സാങ്കേതികവും മാനേജ്മെന്റ് തലത്തിലുമുള്ള പരിശീലനം, സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. കൂടാതെ കയർ സഹകരണ സംഘങ്ങളിലെ സ്ത്രീ തൊഴിലാളികൾക്കായി ആധുനിക ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉപയോഗിച്ച് കയർപിരി പരിശീലനവും, തടുക്കുകൾ നിർമ്മിക്കാനുള്ള പരിശീലനവും നൽകിവരുന്നു. കയർ |

| | | | | |
|---|---|---|---|---|
| | | | | മേഖലയുടെ പുനരുദ്ധാരണത്തിനും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, മേഖലയിൽ കൂടുതൽ വൈവിധ്യവൽക്കരണം നടപ്പാക്കുന്നതിനും വേണ്ടി ഇതിനോടകം തന്നെ ഇൻ-ഹൗസ് പ്രോജക്ടിലൂടെയും, മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുമായി സഹകരിച്ചുകൊണ്ടും പുതിയ ഗവേഷണ പദ്ധതികളിലൂടെ നൂതനമായ ഉല്പ്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഗവേഷണങ്ങളുടെ ഭാഗമായി നിരവധി നൂതനമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വാസ്റ്റിക് പാനലുകൾ, ബൈൻഡർലസ്സ് ബോർഡ് എന്നിവ ഗവേഷണത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുകയും, ഇവ വ്യാപാരാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണ്ണ്-ജല സംരക്ഷണത്തിന് ചരിവുപ്രദേശങ്ങളുടെ ബലപ്പെടുത്തലിനും, നദീതടങ്ങളുടെയും, നീർച്ചാലുകളുടെയും പാർശ്വഭിത്തി സംരക്ഷണത്തിനുമായി കാമ്പസിനുള്ളിലും പുറത്തുമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പലവിധ ഗവേഷണ പദ്ധതികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ